**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1961** — **08.03.2018 ൽ മറുപടിക്ക്.**

**ജി.എസ്.ടി.**

| ചോദ്യം<br><br>ശ്രീ.പാറക്കൽ അബ്ദുല്ല | | മറുപടി<br><br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി | |
|---|---|---|---|
| (എ) | ജി.എസ്.ടി. നടപ്പാക്കിയതിനു ശേഷം സംസ്ഥാനത്തെ ജി.എസ്.ടി. ഇന്റലിജൻസ് വിഭാഗം വാഹന പരിശോധനയിൽ പിടികൂടിയ കേസുകളുടെ എണ്ണമെത്രയാണെന്നും പിഴ ഇനത്തിൽ ഈടാക്കിയ തുക എത്രയാണെന്നും വ്യക്തമാക്കുമോ; | (എ) | ജി.എസ്.ടി. നടപ്പാക്കിയതിനു ശേഷം സംസ്ഥാനത്തെ ജി.എസ്.ടി. ഇന്റലിജൻസ് വിഭാഗം വാഹന പരിശോധനയിൽ പിടികൂടിയ കേസുകളുടെ എണ്ണം 3670 ആണ്. പിഴ ഇനത്തിൽ 812.47 ലക്ഷം രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് എന്ന് മുതലാണ് ഇ-വേ ബിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; ഏത് ഏജൻസിയെയാണ് ഇതിനായുള്ള സോഫ്റ്റ് വെയർ തയ്യാറാക്കാനായി ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (ബി) | നിലവിൽ ഇ-വേയ് ബിൽ സംവിധാനം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടെങ്കിലും നിർബന്ധമാക്കിയിട്ടില്ല. ഇന്ത്യ ഒട്ടാകെ ഇതിനുള്ള സോഫ്റ്റ് വെയർ തയ്യാറാക്കിയിരിക്കുന്നത് എൻ.ഐ.സി ആണ്. |
| (സി) | ഇ-വേ ബിൽ ഇനിയും നടപ്പാക്കാത്തതു മൂലം സംസ്ഥാനത്തിന് പ്രതിദിനം സംഭവിച്ചുകൊണ്ടിരിക്കുന്ന നികുതി നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; | (സി) | ഇ-വേ ബിൽ പൂർണ്ണ തോതിൽ നടപ്പിലാക്കിയിട്ടില്ലാത്തതിനാൽ എത്ര നികുതി നഷ്ടം വന്നിട്ടുണ്ട് എന്ന് കണക്കാക്കാൻ ബുദ്ധിമുട്ടാണ്. |
| (ഡി) | ഇ-വേ ബിൽ സംവിധാനം സംസ്ഥാനത്ത് അടിയന്തരമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | നിലവിൽ ജി.എസ്.ടി. കൗൺസിലിലെ ചർച്ചയുടെ അടിസ്ഥാനത്തിൽ 01.04.2018 മുതൽ ഇന്ത്യ ഒട്ടാകെ അന്തർ സംസ്ഥാന ചരക്ക് നീക്കത്തിന് ഇത് നിർബന്ധമാക്കണമെന്നതാണ് ധാരണ. എന്നാൽ ഇതുമായി ബന്ധപ്പെട്ട ഉത്തരവ് ഇതുവരെയും കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ